(ഇ) കേസ്സിനോടനുബന്ധിച്ച് ഇവരുടെ പേരിൽ എടുത്ത ശിക്ഷണ നടപടികളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം പ്രോജക്ട് ഒന്ന് ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിലുള്ള പ്രോജക്ട് ഡിവിഷനുകൾ വഴി ഇതുവരെ ഏകദേശം 168.565 ലക്ഷം രൂപയുടെ സപ്ലൂയിസ് വാൽവുകളും, പ്രോജക്ട് രണ്ട് ചീഫ് എഞ്ചിനീയറുടെ അധികാരപരിധിയിലുള്ള ജലസേചന പദ്ധതികൾക്കായി 2,34,195 രൂപയുടെ ആൽഫാസ്പ്ലൂയിസ് വാൽവുകളും വാങ്ങിയിട്ടുണ്ട്.

(ബി) ഓർഡർ ഒന്നും ഇപ്പോൾ നിലവിലില്ല.

(സി) ഉണ്ട്.

(ഡി) പേരുവിവരം താഴെ കൊടുത്തിരിക്കുന്നു.

1. ശ്രീ. എസ്. കൃഷ്ണ അയ്യർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ടയർ ചെയ്തു)
2. എ. അഹമ്മദു കൽനാട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയർ ചെയ്തു)
3. വി. കെ. സുശീലൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ
4. പി. വി. കൃഷ്ണൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
5. പി. ജോർജ് പോൾ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ടയർ ചെയ്തു)
6. ശ്രീ. ജോർജ്ജ് തോമസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ
7. ററി. നടരാജൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ
8. ററി. എസ്. മണി, ചീഫ് എഞ്ചിനീയർ
9. ഗോപാലകൃഷ്ണൻ, ചീഫ് എഞ്ചിനീയർ (റിട്ടയർ ചെയ്തു)
10. ആർ. ശങ്കര രാമ അയ്യർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
11. എൻ. ബാലൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ
12. പി. എം. ശ്രീനിവാസൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ.

(ഇ) സർവ്വശ്രീ. വി. കെ. സുശീലൻ, പി. വി. കൃഷ്ണൻ, ജോർജ് തോമസ്, ററി. നടരാജൻ, ററി. എസ്. മണി, എൻ. ബാലൻ, പി. എം. ശ്രീനിവാസൻ, ശങ്കരരാമ അയ്യർ, എന്നീ എഞ്ചിനീയർമാരെ സർവ്വീസിൽ നിന്നും 24-10-1985-ലെ ജി. ഓ. (ആർ. ററി.) 169/85/വി. ജി. പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്.

കേസ് വിജിലൻസ് അന്വേഷണത്തിലിരിക്കുകയാണ്.

സഹകാര്യ മേഖലയിൽ പൂട്ടികിടക്കുന്ന ഫാക്ടറികൾ

* 104 [109] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ഇന്ന് പൂട്ടിക്കിടക്കുന്നവ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ പൂട്ടിയിടാനുള്ള കാരണം എന്ത് ;

(സി) ഇവ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി ഗവൺമെൻറ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇവ എന്നത്തേക്ക് തുറന്നു പ്രവർത്തിക്കുവാൻ കഴിയും ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 1. ടി. കെ. കെമിക്കൽസ്, കൊച്ചുവേളി, തിരുവനന്തപുരം.

2. റൂബി റബ്ബർ വർക്കേഴ്സ്, ചങ്ങനാശ്ശേരി.

3. ട്രാവൻകൂർ ഇലക്ട്രോകെമിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ചിങ്ങവനം, കോട്ടയം.

4. സെൻറ് മേരീസ് ക്ലേഴ്സ് ആൻറ് കെമിക്കൽസ് ഇത്തിത്താനം, ചങ്ങനാശ്ശേരി.

5. അർജുനാ റബ്ബർ പ്രോഡക്ട്സ്, ഇടുക്കി.

6. കേരളാ ഇലക്ട്രിക് ലാംപ് വർക്സ്, അത്താണി (രണ്ടു സെക്ഷൻ മാത്രം)

7. ഇൻഡ്യൻ ട്രാൻസ്ഫോമേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്, കളമശ്ശേരി

(ബി) 1. ടി. കെ. കെമിക്കൽസ്, കൊച്ചുവേളി

അസംസ്കൃത സാധനങ്ങളുടെ അഭാവം, സാമ്പത്തിക പ്രശ്നം എന്നീ കാരണങ്ങളാണ് ടി. കെ. കെമിക്കൽസ് മാനേജ്മെൻറ് ലോക്കൗട്ട് ചെയ്തത്.

2. റൂബി റബ്ബർ വർക്കേഴ്സ്, ചങ്ങനാശ്ശേരി

സാമ്പത്തിക കുഴപ്പം മൂലവും, ദീർഘകാല കരാർ നടപ്പിലാക്കുക, മിനിമം കൂലി നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾക്കായി തൊഴിലാളികൾ നടത്തിയ സമരം മൂലമാണ് റൂബി റബ്ബർ വർക്കേഴ്സ് ലോക്കൗട്ട് ചെയ്തത്.

3. ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ചിങ്ങവനം, കോട്ടയം.

ദീർഘകാല കരാർ ഉണ്ടാക്കുന്നതിനുവേണ്ടി തൊഴിലാളികൾ കൂട്ടമായിട്ട് ഓഫീസിൽ ഹാജരാവാതെയിരിക്കയും ഓവർ ടൈം ജോലിക്ക് വിസമ്മതിക്കുകയും മറ്റും ചെയ്തതിൻെറ പേരിലാണ് ഈ ഫാക്ടറി ലോക്കൗട്ട് ചെയ്തത്.

4. സെൻറ് മേരീസ് ക്ലേഴ്സ് ആൻറ് കെമിക്കൽസ്, ഇത്തിത്താനം, ചങ്ങനാശ്ശേരി.

ഒരു കാഷ്വൽ വർക്കറേയും ഒരു കാർപ്പൻററേയും പിരിച്ചുവിട്ടതിൻെറ പേരിൽ തൊഴിലാളികൾ നടത്തിയ സമരം മൂലം ഈ ഫാക്ടറി ലോക്കൗട്ടു ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

5. അർജുനാ റബ്ബർ പ്രോഡക്ട്സ്, ഇടുക്കി

കമ്പനി മാനേജരെ ഒരു തൊഴിലാളി കൈയേറ്റം ചെയ്തതാണ് അർജുനാ റബ്ബർ പ്രോഡക്ട്സ് ലോക്കൗട്ട് ചെയ്യാനുള്ള കാരണം.

6. കേരളാ ഇലക്ട്രിക് ലാംപ് വർക്ക്സ്, അത്താണി

ശുദ്ധജലമല്ല തങ്ങൾക്ക് കുടിക്കാൻ കിട്ടുന്നത് എന്ന കാരണം പറഞ്ഞ് ഒരു വിഭാഗം തൊഴിലാളികൾ സമരം നടത്തിയതിന്റെ പേരിലാണ് ഈ ഫാക്ടറിയിലെ രണ്ട് സെക്ഷനുകൾ ലോക്കൗട്ട് ചെയ്തത്

7. ഇൻഡ്യൻ ട്രാൻസ്ഫോമേഴ്സ് (പ്രൈവറ്റ് ലിമിറ്റഡ്, കളമശ്ശേരി)

തൊഴിലാളികളുടെ മെല്ലെപോക്ക് സമരം മൂലം ആണ് ഈ ഫാക്ടറി ലോക്കൗട്ട് ചെയ്തത്.

(സി) 1. ടി. കെ. കെമിക്കൽസ്, കൊച്ചുവേളി, തിരുവനന്തപുരം

ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, തിരുവനന്തപുരം, പല കോൺഫറൻസുകൾ വിളിച്ചുകൂട്ടിയെങ്കിലും പ്രശ്നം ഒത്തുതീർപ്പായിട്ടില്ല.

2. റൂബി റബ്ബർ വർക്സ്, ചങ്ങനാശ്ശേരി

തൊഴിൽ വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ലേബർ കമ്മീഷണർ പല കോൺഫറൻസ് വിളിച്ചു കൂട്ടിയെങ്കിലും തീരുമാനം ആകാത്തതിനാൽ ഗവൺമെന്റ് പ്രശ്നം അഡ്ജുഡിക്കേഷനു വിട്ടു.

3. ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രിസ്, ലിമിറ്റഡ് ചിങ്ങവനം കോട്ടയം

ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, കോട്ടയം പല കോൺഫറൻസുകൾ വിളിച്ചുകൂട്ടിയെങ്കിലും വിജയിച്ചില്ല. ഇപ്പോൾ പ്രശ്നം തീർപ്പിനായി തൊഴിൽ വകുപ്പുമന്ത്രിയുടെ സാനിദ്ധ്യത്തിൽ ലേബർ കമ്മീഷണർ കോൺഫറൻസ് 24-3-1986-ൽ വച്ചിരിക്കുകയാണ്.

4. സെൻറ് മേരീസ് ക്ലേഴ്സ് ആൻറ് ടെക്സ്റ്റയിൽസ് ഇത്തിത്താനം, ചങ്ങനാശ്ശേരി

ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, കോട്ടയം പല കോൺഫറൻസ് വിളിച്ചുകൂട്ടിയെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ല. ലേബർ കമ്മീഷണർ നൽകിയ 12 (4) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടി എടുത്തിരിക്കുകയാണ്.

5. അർജുനാ റബ്ബർ പ്രോഡക്ട്സ്, ഇടുക്കി

ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, കോട്ടയം പല കോൺഫറൻസുകളും വിളിച്ചുകൂട്ടി. അവ പരാജയപ്പെട്ടതിനാൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ എറണാകുളം കോൺഫറൻസ് വിളിച്ചുകൂട്ടിയെങ്കിലും മാനേജ്മെൻറ് പ്രസ്തുത കോൺഫറൻസിലും പങ്കെടുത്തില്ല. അതിനാൽ ലേബർ കമ്മീഷണർ നൽകിയ 12 (4) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടി എടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

6. കേരളാ ഇലക്ട്രിക് ലാംപ് വർക്സ്, അത്താണി

12-3-1986-ൽ ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, ആലുവ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ പ്രശ്നം ഒത്തുതീർപ്പായിട്ടില്ല.

7. ഇൻഡ്യൻ ട്രാസ്ഫോമേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്, കളമശ്ശേരി

ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, ആലുവയുടെ അനുരഞ്ജന ശ്രമം പരാജയപ്പെട്ടതിനെ തുടർന്ന്, റീജിയണൽ ജോയിന്റ് ലേബർ കമ്മിഷണർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയെങ്കിലും പ്രശ്നം ഒത്തുതീർപ്പായിട്ടില്ല. അടുത്ത കോൺഫറൻസ് 25-3-1986-ലേക്ക് വച്ചിരിക്കുകയാണ്.

(ഡി) പ്രസ്തുത ഫാക്ടറികളും എന്നത്തേക്ക് തുറന്നു പ്രവർത്തിക്കുവാൻ കഴിയും എന്നതിനെ സംബന്ധിച്ച് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

കൈത്തറി തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി

* 105 [110] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ വിശദാംശങ്ങൾ നിശ്ചയിച്ചുകഴിഞ്ഞോ ; നിശ്ചയിച്ചു കഴിഞ്ഞെങ്കിൽ ആ പദ്ധതി എന്നുമുതൽ നടപ്പിൽവരും ;

(ബി) പ്രതിവർഷം എന്തുതുകയാണ് ഈ ക്ഷേമപദ്ധതികൾക്കു വേണ്ടി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കൈത്തറി തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഈ പദ്ധതി 1983-84 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി. പുതിയ ക്ഷേമപദ്ധതികൾ ഒന്നും തന്നെ പരിഗണനയിലില്ല.

(ബി) നിലവിലുള്ള പദ്ധതിയനുസരിച്ച് അർഹതയുള്ള അപേക്ഷകർക്കെല്ലാം സാമ്പത്തികസഹായം നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രതിവർഷം ചെലവാക്കേണ്ട തുക തിട്ടപ്പെടുത്താനാവില്ല.

പഞ്ചായത്തുകൾക്കു ലഭിക്കേണ്ട നികുതി

* 106 [111] ശ്രീ. കെ. റ്റി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ തീയേറ്റർ ഉടമകളും ചില പഞ്ചായത്തുദ്യോഗസ്ഥൻമാരും ചേർന്നു നടത്തുന്ന ക്രമകേടുകൾ മൂലം പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട നികുതി വരുമാനം നഷ്ടപ്പെടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു തടയാൻ ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly